**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.297 — 28.11.2018 ൽ മറുപടിക്ക്

# ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്റർ

| | ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നഗരപ്രദേശത്തെ ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) | ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ (പി.എച്ച്.സി.പെരുമ്പഴുതൂർ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഉൾപ്പെട്ടിട്ടില്ല. അടുത്ത ഘട്ടത്തിൽ ഓലത്താന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നത് സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഓലത്താന്നി ഹെൽത്ത് സെന്ററിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; ഇവിടെ ദിനംപ്രതി ശരാശരി എത്ര രോഗികളാണ് എത്തുന്നത്; വ്യക്തമാക്കാമോ? | (ബി) | ഓലത്താന്നി ഹെൽത്ത് സെന്ററിൽ നിലവിൽ 10 ജീവനക്കാരുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. ടി കേന്ദ്രത്തിൽ പ്രതിദിനം ശരാശരി നാൽപ്പത് രോഗികൾ വരാറുണ്ട്.<br>1. മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്<br>2. സീനിയർ ക്ലാർക്ക്<br>3. ഫാർമസിസ്റ്റ്<br>4. സ്റ്റാഫ് നഴ്സ്<br>5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ<br>6. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്<br>7. നഴ്സിംഗ് അസിസ്റ്റന്റ്<br>8. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II<br>9. ഓഫീസ് അറ്റൻഡന്റ്<br>10. പി.റ്റി.എസ്. |

സെക്ഷൻ ഓഫീസർ